പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1437 — 03.10.2016 ൽ മറുപടിക്ക്

## ചമ്പക്കുളം കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

| ചോദ്യം<br>ശ്രീ.തോമസ് ചാണ്ടി | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ചമ്പക്കുളം കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ഇരുപത്തിനാലു മണിക്കൂറും പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | 51 കിടക്കകൾ അനുവദിച്ചിട്ടുള്ള ചമ്പക്കുളം സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നുണ്ടെങ്കിലും രാത്രികാല ഡോക്ടറുടെ സേവനം ലഭ്യമല്ല. ആയത് ലഭ്യമാക്കുന്നതിന് ആവശ്യതസ്തികകൾ സൃഷ്ടിക്കപ്പെടേണ്ടതുണ്ട്. സംസ്ഥാനത്തെ ആരോഗ്യസ്ഥാപനങ്ങളിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിനാവശ്യമായ സമഗ്രത പ്രൊപ്പോസലിൽ ചമ്പക്കുളം സാമൂഹികാരോഗ്യകേന്ദ്രത്തേയും ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തസ്തികകൾ സൃഷ്ടിക്കപ്പെടുന്നതിലൂടെ 24 മണിക്കൂർ സേവനം രോഗികൾക്ക് ലഭ്യമാക്കുന്നതാണ്. |
| (ബി) | പ്രസ്തുത ആശുപത്രിയിൽ ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ബി) | രണ്ടാം ഗ്രേഡ് ആശുപത്രി അറ്റന്ററുടെ 3 ഒഴിവുകളും ഹെഡ് നഴ്സിന്റെ ഒരു ഒഴിവും ചമ്പക്കുളം സാമൂഹികാരോഗ്യകേന്ദ്രത്തിൽ നിലവിലുണ്ട്. രണ്ടാം ഗ്രേഡ് ആശുപത്രി അറ്റന്ററുടെ ഒഴിവിലേയ്ക്ക് എംപ്ലോയ്മെന്റ് മുഖേന നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഹെഡ് നഴ്സിന്റെ ഒഴിവ് ഉദ്യോഗക്കയറ്റത്തിലൂടെ നികത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ